**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാവുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | 24.12.2016-ലെ സ.ഉ.(സാധാ)നം.485/16/വനം, ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണായായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേര് വിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിയ്ക്കുന്നു. ആയതിൽ നിന്നും സംസ്ഥാനതല വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ പ്രകാരം വനം വകുപ്പുമായി ധാരണപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10 ശതമാനം തുക ആദ്യ ഗഡുവായി നൽകുകയും ചെയ്യുന്നു. ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കിതുക തുടർന്ന് നൽകുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ